# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5421** — 06.07.2012-ൽ മറുപടിക്ക്

## പെന്റാവലന്റ് വാക്സിൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ.അസീസ് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സമഗ്രരോഗപ്രതിരോധ വാക്സിനായ പെന്റാവലന്റ് വാക്സിൻ സംസ്ഥാനത്തെ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ലഭ്യമായിട്ടുള്ളത് ; | (എ) സമഗ്രരോഗപ്രതിരോധ വാക്സിനായ പെന്റാവലന്റ് വാക്സിൻ സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, ഡബ്ല്യൂ ആന്റ് സി ഇല്ലാത്ത ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകളിലെ ഫാമിലി പ്ലാനിംഗ് യൂണിറ്റുകൾ എന്നിവിടങ്ങളിലെല്ലാം ലഭ്യമാണ്. |
| (ബി) പ്രസ്തുത വാക്സിന് വില ഈടാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണ് ; പ്രസ്തുത വാക്സിൻ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പെന്റാവലന്റ് വാക്സിൻ നടപ്പിലായതിന് ശേഷം പൂർണ്ണമായും സൗജന്യമായാണ് നൽകിവരുന്നത്. യാതൊരുവിധത്തിലുള്ള ചാർജ്ജും ഈടാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ